# പത്രക്കുറിപ്പ്

## തൃശ്ശൂർ പൂരം 2018 സുരക്ഷ ക്രമീകരണങ്ങൾ

***പൂരം സുരക്ഷാ ഡ്യൂട്ടിക്കായി 3,000 പോലീസുദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാക്കും***

വിദേശികളും, സ്വദേശികളുമായ സ്ത്രീകളും കുട്ടികളും ഉൾപ്പടെ ധാരാളം ആളുകൾ വന്നുചേരുന്ന പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരത്തിൻെറ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് തൃശ്ശൂർ സിറ്റി പോലീസ് ഈ വർഷം നടപ്പിലാക്കിയിട്ടുള്ളത്. തൃശ്ശൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എം. ആർ. അജിത് കുമാർ IPS ൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ തൃശ്ശൂർ സിറ്റി പോലീസ് മേധാവി ശ്രീ. രാഹുൽ. ആർ. നായർ IPS ആണ് സുരക്ഷാക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നത്. സുരക്ഷാക്രമീകരണത്തിൻെറ ഭാഗമായി ജില്ലയിൽ നിന്നും, സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുമായി 29 ഡി.വൈ.എസ്.പി.മാരെയും, 60 ഇൻസ്പെക്ടർമാരെയും, 283 എസ്.ഐ/എ.എസ്.ഐ മാരെയും, 2487 സിവിൽ പോലീസ് ഉദ്യോഗസ്ഥൻമാരെയും, 146 വനിതാ സിവിൽ പോലീസ് ഉദ്യോഗസ്ഥൻമാരെയും പൂരം ഡ്യൂട്ടിക്കായി വിന്യസിക്കുന്നതാണ്.

കുറ്റമറ്റ രീതിയിൽ സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതിനായി വടക്കുംനാഥ ക്ഷേത്രത്തെ ഒരു പ്രത്യേക സോണായും (Centre zone) തേക്കിൻകാട് മൈതാനത്തെ 5 പ്രത്യേക സോണുകളായും തരം തിരിച്ചിട്ടുണ്ട്. കൂടാതെ സ്വരാജ് റൗണ്ടിനെ 4 സെഗ്മെൻറുകളായും, എം.ഒ. റോഡ് മുതൽ കോർപ്പറേഷൻ ഓഫീസ് വരെയുള്ള ഭാഗം ഒരു പ്രത്യേക സെഗ്മെൻറായും തരം തിരിച്ചിട്ടുണ്ട്. ഇപ്രകാരം തരം തിരിച്ചിട്ടുള്ള ഒരോ സോണുകളുടെയും, സെഗ്മെൻറുകളുടെയും ചുമതല ഓരോ ഡി.വൈ.എസ്.പി മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കും. ഒൻപത് ഡി.വൈ.എസ്.പി. മാരെയും, 16 ഇൻസ്പെക്ടർമാരെയും, 52

എസ്.ഐ/എ.എസ്.ഐ മാരെയും 664 പോലീസുദ്യോഗസ്ഥരെയുമാണ് ഇതിനായി വിന്യസിച്ചിട്ടുള്ളത്.

**<u>ട്രാഫിക് നിയന്ത്രണത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തും</u>**

പൂരംദിവസങ്ങളിലെ ട്രാഫിക് നിയന്ത്രണത്തിനായി ഒരു ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ 3 ഇൻസ്പെക്ടർമാരും മാരും 28 എസ്.ഐ മാരും 240 പോലീസുകാരെയും ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതാണ്. മൊബൈൽ പട്രോൾ, ബൈക്ക് പട്രോൾ സംഘങ്ങളും ട്രാഫിക് നിയന്ത്രണത്തിനായി ഉണ്ടാകും. പൂരദിവസങ്ങളിൽ പ്രത്യേകിച്ച് ആനച്ചമയ പ്രദർശന ദിവസങ്ങളിൽ പൊതുവേ വാഹനങ്ങളുടെ അഭൂതപൂർവ്വമായ തിരക്ക് മുൻവർഷങ്ങളിൽ അനുഭവപ്പെട്ടിട്ടുള്ളതിനാൽ പൊതുജനങ്ങൾ പരമാവധി പൊതു ഗതാഗത സംവിധാനത്തെ ആശ്രയിക്കുന്നത് ടൗണിലും പരിസരങ്ങളിലും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സഹായകരമായിരിക്കുമെന്നതിനാൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിന് സഹകരണം ഉണ്ടാകേണ്ടതാണ്. പൂരദിവസങ്ങളിൽ സ്വരാജ് റൗണ്ടിലേയ്ക്കുള്ള വാഹന ഗതാഗതം പാസ് മുഖാന്തിരം നിയന്ത്രിക്കുന്നതുമായിരിക്കും.

**<u>ക്രമസമാധാനപാലത്തിനായി ശക്തമായ പോലീസ് പട്രോളിങ്ങ് ഏർപ്പെടുത്തും</u>**

പൂരദിവസങ്ങളിൽ ക്രമസമാധാന പാലനം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേകം മൊബൈൽ പട്രോളിങ്ങും, ബൈക്ക് പട്രോളിങ്ങും, ഫുട്ട് പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ നഗരത്തെ 2 ഭാഗങ്ങളായി തരം തിരിച്ച് ഓരോ ഡി.വൈ.എസ്.പിമാരാണ് ഇതിന് നേതൃത്വം നൽകുക. 4 ഇൻസ്പെക്ടർമാരെയും, 38 എസ്.ഐ/എ.എസ്.ഐ മാരെയും, 354 പോലീസുദ്യോഗസ്ഥൻമാരെയും ഇതിനായി പ്രത്യേകം നിയമിച്ചിട്ടുള്ളതാണ്. 6 ബൈക്ക് പട്രോൾ, 36 ഫൂട്ട് പട്രോൾ, 34 പിക്കറ്റ് പോസ്റ്റുകൾ, 6 മൊബൈൽ പട്രോളുകൾ സംഘങ്ങളേയും ഡ്യൂട്ടിക്കായി നഗരത്തിൽ നിയോഗിച്ചിട്ടുണ്ട്. പൂരം ദിവസങ്ങളിൽ പോലീസ ശ്രദ്ധ പരമാവധി നഗരത്തിൽ കേന്ദ്രീകരിക്കുമ്പോൾ നഗരാതിർത്തിക്ക് വെളിയിൽ ഉണ്ടാകാനിടയുള്ള അനിഷ്ടസംഭവങ്ങളെ നേരിടുന്നതിനായി നഗരാതിർത്തിയിലെ ഒല്ലൂർ,

പടിഞ്ഞാറെകോട്ട, വിയ്യൂർ പവ്വർ ഹൗസ്, ഒല്ലൂക്കര, കുരിയച്ചിറ, ലുലു ജംഗ്ഷൻ, കുർക്കഞ്ചേരി എന്നിവിടങ്ങളിൽ ഒരോ എസ്.ഐ മാരുടെ കീഴിൽ 10 പോലീസുദ്യോഗസ്ഥൻമാരെ ഓരോ വലിയ വാഹനം സഹിതം സ്ട്രൈക്കിങ്ങ് ഫോഴ്സ് ആയി വിന്യസിച്ചിട്ടുണ്ട്. 24 മണിക്കൂറും സേവനം ലഭിക്കത്തക്കരീതിയിൽ ഉദ്യോഗസ്ഥരെ വിന്യസിച്ചിരിക്കുന്നത്.

**പൊതുജനസേവനാർത്ഥം മുൻനിർത്തി പ്രത്യേക പോലീസ് കംട്രോൾ റൂം**

പൊതുജനസേവനാർത്ഥം, സുരക്ഷാ ക്രമീകരണങ്ങളെ ഏകീകരിക്കുന്നതിൻെറയും ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പ്രത്യേക കൺട്രോൾ റൂം തേക്കിൻകാട് മൈതനിയിൽ സജ്ജമാക്കിയിട്ടുണ്ട്. 5 ഡി.വൈ.എസ്.പിമാരും, 7 ഇൻസ്പെക്ടർമാരും, 35 എസ്.ഐ/എ.എസ്.ഐ മാരും, 146 സീനിയർ/സിവൽ പോലീസ് ഉദ്യോഗസ്ഥൻമാരും സദാ സേവന സന്നദ്ധരായി പ്രസ്തുത കൺട്രോൾ റൂമിൽ ഉണ്ടായിരിക്കുന്നതാണ്. വിവിധ ഡിപ്പാർട്ടുമെൻറുകളുമായി ഏകോപിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങളും പൂരം കൺട്രോൾ റൂമിൽ ഒരുക്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് പോലീസിൻെറ സേവനം ഉപയോഗപ്പെടുത്തുന്നതിനും, വിലയേറിയ വിവരങ്ങൾ അറിയിക്കാവുന്നതിനുമായി പൂരം കൺട്രോൾ റൂമിൽ ലഭ്യമാക്കിയിട്ടുള്ള 0487-2422003 (BSNL), 9847199100 (IDEA), 7034100100 (VODAPHONE) എന്നി നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**സാമൂഹ്യവിരുദ്ധരെ പിടികൂടുന്നതിനായി മഫ്ടി പോലീസിനെ നിയോഗിക്കും**

പൂരം നാളുകളിൽ തിരക്കേറിയ സ്ഥലങ്ങളിൽ സാമൂഹ്യ വിരുദ്ധർ നുഴഞ്ഞുകയറി കവർച്ച, പിടിച്ചുപറി, പോക്കറ്റടി, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവ ചെയ്യുവാൻ സാധ്യതയുള്ളതിനാൽ ആയത് തടയുന്നതിനായി ജില്ലാ പോലീസ് മേധാവിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ തൃശ്ശൂർ സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസി. പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തിലെയും, അന്യസംസ്ഥാനത്തിലെയും ക്രൈം സ്ക്വാഡിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പ്രത്യേക സംഘത്തെ നഗരത്തിലും, പരിസര പ്രദേശങ്ങളിലും മഫ്ടിയിൽ വിന്യസിക്കുന്നതായിരിക്കും. തൃശ്ശൂർ സിറ്റി പോലീസിൻെറ കീഴിലുള്ള ഷാഡോ പോലീസും, ആൻറി ഗുണ്ടാ സ്ക്വാഡും, രഹസ്യാന്വേഷണ വിഭാഗവും മുഴുവൻ

സമയവും നഗരത്തിലും പരിസരങ്ങളിലും നിരീക്ഷണം നടത്തുന്നതായിരിക്കും. അസിസ്റ്റൻറ് കമ്മീഷണർ കൂടാതെ 1 ഇൻസ്പെക്ടർ, 17 എസ്.ഐ/ എ.എസ്.ഐ മാർ ഉൾപ്പടെ 100 ഓളം പോലീസുദ്യോഗസ്ഥർ ഈ സ്ക്വാഡിൽ ഉണ്ടായിരിക്കുന്നതാണ്.

**സുരക്ഷാ പരിശോധനയ്ക്കായി ബോംബ് സ്ക്വാഡിൻെറ സേവനം ഉപയോഗപ്പെടുത്തും**

പൂരത്തോടനുബന്ധിച്ച് ആൻറി സബോട്ടേജ് ചെക്കിങ്ങ് നടത്തുന്നതിനായി ഒരു ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച 14 അംഗ ബോംബ് സ്ക്വാഡിൻെറ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിലെ ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ, മാളുകൾ, തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോംബ് സ്ക്വാഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്.

**നിരീക്ഷണത്തിനായി 90 ഓളം ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ സ്ഥാപിക്കും**

തൃശ്ശൂർ സിറ്റിയുടെ ഏകദേശം മുഴുവൻ ഭാഗവും നിരീക്ഷിക്കുവാൻ ശേഷിയുള്ള 90 ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ സ്വരാജ് റൗണ്ടിലേയും, തേക്കിൻക്കാട് മൈതാനിയിലേയും വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ളതും, സ്പെഷ്യൽ കൺട്രോൾ റൂമിലൂടെ ഒരു ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പോലീസുകാർ 24 മണിക്കൂറും പ്രസ്തുത ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ വഴി നിരീക്ഷണം നടത്തുന്നതും പൊതുസ്ഥലങ്ങളിൽ പ്രശ്നമുണ്ടാക്കുന്നവരെയും, സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നവരെയും, മദ്യ ലഹരിയിൽ പൊതുജനശല്യം ഉണ്ടാക്കുന്നവരെയും, പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാക്കുന്ന തരത്തിൽ വാഹനങ്ങൾ ഓടിക്കുന്നവരെയും കയ്യോടെ കണ്ടെത്തി മൊബൈൽ പട്രോളിങ്ങിലുള്ള പോലീസ് സംഘത്തെ ഉപയോഗിച്ച് തത്സമയം തന്നെ പിടികൂടി നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**<u>പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി പബ്ലിക്ക് അനൗൺസ്മെൻറ് സിസ്റ്റം.</u>**

പൊതുജനങ്ങൾക്ക് സുരക്ഷാ നൽകുന്നതിനായി പൂരനഗരിയിലെ പല സ്ഥലങ്ങളിലും പബ്ലിക്ക് അനൗൺസ്മെൻറ് സിസ്റ്റം സ്ഥാപിച്ചിട്ടുള്ളതാണ്.

**<u>കുട്ടികളുടെ സുരക്ഷയ്ക്കായി RFID സംവിധാനം</u>**

പൂരം കാണുന്നതിനായി കുടുംബാഗങ്ങളോടൊപ്പം എത്തിച്ചേരുന്ന പതിനാലു വയസ്സിനു താഴെയുള്ള കുട്ടികളുടെ കൈകളിൽ റേഡിയോ ഫ്രീക്കൻസി ഐഡൻറിറ്റി ടാഗ് വോഡാഫോണിൻെറ സഹകരണത്തോടുകൂടി പോലീസ് കൺട്രോൾ റൂമിൽ നിന്നും നൽകുന്നതാണ്. കുട്ടികൾ ഏതെങ്കിലും തരത്തിൽ തിരക്കിൽപ്പെട്ട് കൂട്ടം തെറ്റി പോകുകയാണെങ്കിൽ അവരെ കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നതിനാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

**<u>പൂരം ദിവസങ്ങളിൽ ഹെലികോപ്റ്റർ സർവ്വീസിങ്ങ്, ഹെലി കാം മുതലായ ഉപകരണങ്ങൾക്ക് നിരോധനം</u>**

പൂര ദിവസങ്ങളിൽ നഗരപരിധിയിൽ ഹെലികോപ്റ്റർ സർവ്വീസിങ്ങ് നടത്തുന്നതും, ഹെലി കാം മുതലായ ഉപകരണങ്ങളുടെ ഉപയോഗവും, ശബ്ദമലിനീകരണം തടയുന്നതിൻെറ ഭാഗമായി ചില പ്രത്യേക വാദ്യോപകരണങ്ങളുടെ ഉപയോഗവും, എൽ.ഇ.ഡി ലേസർ ലൈറ്റുകളുടെ ഉപയോഗവും, നീളമേറിയ ചില ബലൂണുകളുടേയും ഉപയോഗവും ജില്ലാ ഭരണകൂടം നിരോധിച്ചിട്ടുള്ളതാണ്. നിരോധന ഉത്തരവിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**<u>ബലക്ഷയമുള്ള കെട്ടിടങ്ങളിൽ കയറുന്നതിനു നിയന്ത്രണം.</u>**

സുരക്ഷയുടെ ഭാഗമായി സ്വരാജ് റൗണ്ടിലും, പരിസരങ്ങളിലുമുള്ള ബലക്ഷയമുള്ള കെട്ടിടങ്ങളിലേയ്ക്ക് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കരുതെന്ന് ബന്ധപ്പെട്ട കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. 84 കെട്ടിടങ്ങളാണ് ഇത്തരത്തിൽ ബലക്ഷയമുള്ള കെട്ടിടങ്ങളായി കണ്ടെത്തി നോട്ടീസ് നൽകിയിട്ടുള്ളത്. വെടിക്കെട്ട്

സമയത്ത് സ്വരാജ് റൗണ്ടിലുള്ള പെട്രോൾ പമ്പുകളിലെ ഇന്ധന ടാങ്കുകൾ ഒഴിവാക്കിയടുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**<u>അലഞ്ഞുതിരിഞ്ഞു നടക്കുന്ന നാൽക്കാലികളെ താത്ക്കാലിക താവളത്തിലേയ്ക്കു മാറ്റും.</u>**

നഗരത്തിലും, പരിസരങ്ങളിലും അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നാൽക്കാലികൾ സുരക്ഷാ ഭീഷണിയുണ്ടാക്കുന്നവയായതിനാൽ അത്തരം നാൽക്കാലികളെ താത്ക്കാലിക താവളത്തിലേയ്ക്കു മാറ്റുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**<u>കുടമാറ്റം കാണുന്നതിന് സ്ത്രീകൾക്കും, കുട്ടികൾക്കും, വിദേശികൾക്കും പ്രത്യേക സൗകര്യം</u>**

സ്ത്രീകൾക്കും, കുട്ടികൾക്കും, വിദേശികൾക്കും കുടമാറ്റവും, തെക്കോട്ട് ഇറക്കവും സൗകര്യപ്രദമായി വീക്ഷിക്കുന്നതിന് വേണ്ടി പ്രത്യേകം സജ്ജീകരണങ്ങൾ ഇപ്രാവശ്യത്തെ പൂരത്തിനും ഒരുക്കിയിട്ടുള്ളതാണ്.

**<u>തിരക്ക കുറയ്ക്കുന്നതിന് പ്രത്യേക റാമ്പ് സംവിധാനം.</u>**

ഇലഞ്ഞിത്തറ മേളം നടക്കുന്ന സമയത്തും, തെക്കോട്ടിറക്കം നടക്കുന്ന സമയത്തും, ശ്രീ വടക്കുംനാഥ ക്ഷേത്രത്തിനകത്തുള്ള തിരക്ക് കുറയ്ക്കുന്നതിനും, കൂടാതെ ക്ഷേത്രത്തിനകത്ത് എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം ജനങ്ങളെ സുരക്ഷിതമായി വളരെ വേഗം പുറത്തെത്തിക്കുന്നതിനുമായി കിഴക്കേ ഗോപുര നടയ്ക്ക് സമീപം പോലീസിന്റെ നിർദ്ദേശ പ്രകാരം ദേവസ്വം അധികൃതർ പ്രത്യേക റാമ്പ് നിർമ്മിച്ചിട്ടുള്ളതാണ്.

**<u>വെടിക്കെട്ട് സമയത്ത് കനത്ത സുരക്ഷാസംവിധാനങ്ങളും നിയന്ത്രണവും</u>**

വെടിക്കെട്ട് സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വെടിക്കെട്ട് സമയത്ത് (സാമ്പിൾ ദിനത്തിലും, പ്രധാന വെടിക്കെട്ട് സമയത്തും, പകൽ പൂരത്തിന്റെ വെടിക്കെട്ടിന്റെ സമയത്തും

സ്വരാജ് റൗഡിൽ നായ്ക്കനാൽ ജംഗ്ഷനും ചെമ്പോട്ടിൽ ലൈനിനും ഇടയ്ക്കുള്ള ഭാഗം പൂർണ്ണമായും Sterile ഏരിയ ആക്കിയിട്ടുള്ളതും, ഈ സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതുമല്ല. വെടിക്കെട്ട് സമയത്ത് സ്വരാജ് റൗണ്ടിൻെറ. ബാക്കിയുള്ള ഭാഗങ്ങളിൽ പകുതിക്കപ്പുറം ജനങ്ങളെ പ്രവേശിപ്പിക്കുന്നതല്ല. സുരക്ഷയെ മുൻനിറുത്തി പോലീസിൻെറ നിർദ്ദേശപ്രകാരം ഇപ്രവശ്യത്തെ പൂരത്തിന് ഉപചാരം ചൊല്ലലിന് ശേഷമായിരിക്കും പകൽപൂരത്തിൻെറ വെടിക്കെട്ട് നടത്തുകയെന്ന് ഇരു ദേവസ്വങ്ങളും ഉറപ്പുനൽകിയിട്ടുണ്ട്. മാത്രവുമല്ല പൊതുവെ ചൂട് കൂടിയ കാലാവസ്ഥ ആയതിനാൽ എഴുന്നള്ളിപ്പ് സമയത്ത് ആനകൾ കൂടുതൽ സമയം നിൽക്കുന്ന സ്ഥലങ്ങളിൽ നനച്ച ചാക്ക് വിരിക്കാമെന്നും, സാധ്യമായ സ്ഥലങ്ങളിലെല്ലാം താത്ക്കാലിക പന്തൽ കെട്ടാമെന്നും, വഴിയിൽ ഇടവിട്ട് വെള്ളം നനയ്ക്കാമെന്നും, ആനകൾക്ക് ആവശ്യത്തിന് വെള്ളരിക്ക, തണ്ണിമത്തൻ എന്നിവ നൽകാമെന്നും ഇരു ദേവസ്വങ്ങളും ഉറപ്പു നൽകിയിട്ടുണ്ട്.

**ദുരന്തനിവാരണത്തിനായി പ്രത്യേക എമർജൻസി റൂട്ട്**

അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി തൃശ്ശൂർ ചെമ്പോട്ടി ലൈനിനെ എമർജൻസി റൂട്ട് ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിനാൽ യാതൊരുവിധ വാഹനങ്ങളും ഈ വഴി പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല. കൂടാതെ പൊതുജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നതും അനുവദനീയമായിരിക്കുന്നതല്ല. അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള കേന്ദ്ര/ സംസ്ഥാന ദുരന്ത നിവാരണ സേനയിലെ ഉദ്യോഗസ്ഥൻമാരും, തണ്ടർ ബോൾട്ട് കമാൻണ്ടോ വിങ്ങും ഡ്യൂട്ടിക്കായി ഉണ്ടായിരിക്കുന്നതാണ്. പൂരത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളായ ഫോറസ്റ്റ്, വെറ്റിനറി, ഫയർ & റെസ്ക്യു, മെഡിക്കൽ വിഭാഗങ്ങളുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സന്നദ്ധ സംഘടനകളായ ആക്ട്സ്, എലിഫൻറ് വെൽഫയർ അസോസിയേഷൻസ് എന്നിവരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ ജില്ലാ പോലീസ് കൺട്രോൾ റൂമിലുള്ള 100 നമ്പറിലൂടെ പൂരത്തെ സംബന്ധിച്ചുള്ള

വിവരങ്ങളും, പോലീസിൻെറ ഭാഗത്തു നിന്നുള്ള സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൂരം ദിവസങ്ങളിൽ നഗരത്തിലെ മദ്യശാലകൾ പ്രവർത്തിക്കുന്നതിന് നിയന്ത്രണം**

പൂര ദിവസങ്ങളിൽ 24-04-2018 തിയ്യതി രാത്രി 8.00 മണി മുതൽ 26-04-2018 തിയ്യതി ഉച്ചയ്ക്ക് 2.00 മണി വരെ തൃശ്ശൂർ താലൂക്ക് പരിധിയിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടത്തിന് ശുപാർശ നൽകിയിട്ടുള്ളതാണ്.

**അറിയിപ്പ്.**

- ചെറുപൂരങ്ങൾ വരുന്നതും/ തിരിച്ചുപോകുന്നതുമായ വഴിയിൽ ആനകൾക്ക് അലോസരമുണ്ടാകുന്ന വിധത്തിൽ റോഡരുകിൽ പടക്കം പൊട്ടിക്കരുത്.
- അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഉടമസ്ഥരുള്ള നാൽക്കാലികളെ ബന്ധപ്പെട്ടവർ തന്നെ പിടിച്ചു കെട്ടേണ്ടവരാണ്.
- ആനകളിൽ നിന്നും പൊതുജനങ്ങൾ മതിയായ അകലം പാലിക്കേണ്ടതാണ്.
- ഉത്സവം കാണുവാൻ വരുന്ന സമയം പൊതുജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും വിലയേറിയ ആഭരണങ്ങൾ ധരിക്കുന്നത് പരമാവധി ഒഴിവാക്കുക.
- വെടിക്കെട്ട് കാണുവാൻ നിൽക്കുന്ന പൊതുജനങ്ങൾ ഫിനിഷിങ്ങ് പോയൻറിൽ നിന്ന് പരമാവധി സുരക്ഷ അകലം പാലിച്ച് നിൽക്കേണ്ടതാണ്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥൻമാർ സുരക്ഷയെ മുൻനിറുത്തി നൽകുന്ന നിർദ്ദേശങ്ങൾ ഏവരും പാലിക്കേണ്ടതാണ്.
- കുടമാറ്റം വീക്ഷിക്കുന്നതിനായി മരങ്ങളിലും, വടക്കുനാഥ ക്ഷേത്രത്തിൻെറ മതിൽകെട്ടിനു മുകളിലും കയറുന്നത് ഒഴിവാക്കേണ്ടതാണ്.
- പൂരം ദിനത്തിൽ സ്വരാജ് റൗണ്ടിൽ 5 സ്ഥലങ്ങളിൽ (ജില്ലാ ആശുപത്രിയ്ക്ക് മുൻവശം, ബാറ്റാ ഷോറൂമിന് മുൻവശം, ന്യൂ കേരള ഷോ റൂമിന്

മുൻവശം, ധനലക്ഷ്മി ബാങ്കിന് മുൻവശം, സ്വപ്ന തിയ്യറ്ററിന് മുൻവശം) മെഡിക്കൽ എയ്ഡ് പോസ്റ്റുകൾ ഉണ്ടായിരിക്കും. കൂടാതെ ആക്ട്സിൻെറ മൊബൈൽ ആംബുലൻസുകൾ സ്വരാജ് റൗണ്ടിലും പരിസരങ്ങളിലുമായി 10 സ്ഥലങ്ങളിൽ ഉണ്ടായിരിക്കുന്നതുമാണ്. മാത്രവുമല്ല പോലീസിൻെറ ഭാഗത്തു നിന്ന് ആവശ്യപ്പെട്ട പ്രകാരം 6 ഫയർ ടെൻണ്ടർ യൂണിറ്റുകൾ സ്വരാജ് റൗണ്ടിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ഉണ്ടായിക്കുന്നതാണ്.

- പൂരത്തിൻെറ സുരക്ഷയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെൻറുകൾക്കും ജില്ലാ പോലീസിൻെറ ഭാഗത്തു നിന്നും ആവശ്യമായ അറിയിപ്പുകൾ മുന്നേക്കൂട്ടിതന്നെ നൽകിയിട്ടുള്ളതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.